പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2700 **28-10-2026-ൽ മറുപടിയ്ക്ക്**

വടക്കാഞ്ചേരി പുഴ നവീകരണ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വടക്കാഞ്ചേരി പുഴ നവീകരണ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

മറുപടി: വടക്കാഞ്ചേരിപ്പുഴയുടെ നവീകരണം – ഘട്ടം 1 എന്ന പ്രവൃത്തിക്ക് 15.02.2021-ലെ സ.ഉ. (സാധാ)നം. 112/2021/ജവിവ പ്രകാരം 1,000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ നിന്നും ചില വ്യതിയാനങ്ങൾ ആവശ്യമായി വന്നതിനാൽ 07.06.2023-ലെ സ.ഉ. (സാധാ) നം. 526/2023/ജവിവ പ്രകാരം Rs.9,99,92,017.40 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. "THRISSUR DIST- TOTAL DEVELOPMENT PLAN FOR WADAKKANCHERY RIVER – PHASE 1 – GEN CIVIL WORK" എന്ന പ്രസ്തുത പ്രവർത്തിക്ക് 01/SEICC/2023-24 നമ്പർ പ്രകാരം 20.12.2023-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, 26.12.2023-ന് പ്രവൃത്തിസ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളതുമാണ്. നിലവിൽ പ്രസ്തുത പ്രവൃത്തി 69% പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ